6989
19/7/14

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി വികസനം - വീടുകളുടെ പുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മിക്കുന്ന പദ്ധതി - ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ- ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിനു പുറമേ ഭൗതികലക്ഷ്യത്തിന്റെ **10%** ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ. (കൈ) നം. 44/2014/പജപവവിവ തീയതി, തിരുവനന്തപുരം, 18.07.2014

================================================================================

പരാമർശം:
1. സ.ഉ.(കൈ) നം.70/2013/പജപവവി, തീയതി, 03.09.2013.
2. സ.ഉ.(കൈ)നം. 22/2014/പജപവവി, തീയതി, 05.03.2014.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22.04.2014 ലെ ഡെവ. ബി2/3285/14 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിൽ നിന്നും 7 വർഷത്തിലധികവും 25 വർഷത്തിൽ കുറവും പഴക്കമുള്ള വീടുകളുടെ പുനരുദ്ധാരണത്തിന്/അഡീഷണൽ റൂം നിർമ്മിക്കുന്നതിന് പരാമർശം (1)ലേയും (2)ലേയും ഉത്തരവുകൾ പ്രകാരം 50000/- രൂപ ധനസഹായം അനുവദിച്ചു വരുന്നു. ഓരോ ജില്ലയ്ക്കും അനുവദിയ്ക്കുന്ന ഭൗതിക ലക്ഷ്യത്തിന്റെ 10% ഗ്രാമസഭ /വാർഡ് സഭ ലിസ്റ്റിനു പുറമേ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നേരിട്ട് അനുവദിയ്ക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ചു വരുന്ന ഭവന പുനരുദ്ധാരണം /അഡീഷണൽ റൂം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിയ്ക്കുന്ന പദ്ധതിയിൽ, ജില്ലകളുടെ ഭൗതിക ലക്ഷ്യത്തിന്റെ **10%** ഗുണഭോക്താക്കളെ അപേക്ഷകളുടെ അർഹതയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭ / വാർഡ് സഭ ലിസ്റ്റിനു പുറമേ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നേരിട്ട് തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ സി.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി & എസ്. സെക്ടർ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ